57402/As/15/Home

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2996 13.07.2015 ലെ മറുപടിക്ക്

## പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണം

| ചോദ്യം<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ് | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് സിസ്റ്റമാറ്റിക് ഹെൽത്ത് അസ്സെസ്സ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) ഉണ്ട്. പോലീസ് വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി സഹകരിച്ച് സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സിസ്റ്റമാറ്റിക് ഹെൽത്ത് അസെസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ (SHAPE) പദ്ധതി. |
| ബി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) സേനയിലെ പോലീസുദ്യോഗസ്ഥരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും, അവർ വ്യായാമമുറ അഭ്യസിക്കുന്നതിനും ആവശ്യമായ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാകുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവരുടെ കീഴിലുള്ള പോലീസുദ്യോഗസ്ഥർക്ക് ശാരീരിക വ്യായാമമുറകൾക്ക് പരിശീലനം നൽകേണ്ടതും പ്രസ്തുത ശാരീരിക |

| | |
|---|---|
| | വ്യായാമം രാവിലെ 7 മണി മുതൽ 7.45 മണി വരെ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും നടത്തേണ്ടതും 50 വയസ്സിനുമേൽ പ്രായമുളളവർ അവർ ആഗ്രഹിക്കുന്ന പക്ഷം പ്രസ്തുത പരിശീലനത്തിൽ ഏർപ്പെട്ടാൽ മതി-യെന്നും കൂടാതെ, പരിശീലനങ്ങളിൽ ഏർപ്പെടുന്നതിന് മുമ്പ് എല്ലാ ഉദ്യോഗ-സ്ഥരും ആവശ്യമായ മെഡിക്കൽ പരിശോധനകൾക്ക് വിധേയരാ-കേണ്ടതും സംബന്ധിച്ച കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി-യിരിക്കുന്നത്. |
| **സി)** എതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ? | **സി)** പോലീസ് വകുപ്പും ആരോഗ്യ-വകുപ്പും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ